കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വടകര ബ്ലോക്ക് പഞ്ചായത്ത് 2016-17 വാർഷിക പദ്ധതി-ക്യാൻസർ രോഗ നിർണ്ണയം എന്ന പദ്ധതിക്ക് അനുമതി നൽകി ഉത്തരവാകുന്നു .

================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ).164/17/തസ്വഭവ** **തിരുവനന്തപുരം, തീയതി, 19.01.2017**

================================================================

പരാമർശം: 1.വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.10.2016 ലെ അപേക്ഷ.
2. 26.10.2016 ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ തീരുമാനം

**ഉത്തരവ്**

വടകര ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ വീട്ടുകളിലും ക്യാൻസറിനെതിരെ ബോധവൽകരണം നടത്തുക, ക്യാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുക, രോഗമുള്ളവർക്ക തക്ക സമയത്ത് ചികിത്സ, പുനരധിവാസം എന്നിവ ഉറപ്പാക്കുക, പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച ക്യാൻസർ രോഗനിർണ്ണയം എന്ന പദ്ധതി മലബാർ ക്യാൻസർ സെന്ററുമായി സഹകരിച്ച് നടപ്പിലാക്കുന്നതിന് സർക്കാരിന്റെ പ്രത്യേകാനുമതിക്കായി പരാമർശം (1 )പ്രകാരം അപേക്ഷിച്ചിരുന്നു. 26.10.2016 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി ഇക്കാര്യം പരിശോധിക്കുകയും നടപ്പാക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. മേൽസാഹചര്യത്തിൽ, 2016-17 വാർഷിക പദ്ധതിയുടെ ഭാഗമായി ക്യാൻസർ രോഗനിർണ്ണയം എന്ന പദ്ധതി നടപ്പിലാക്കാൻ വടകര ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ഡി.സന്തോഷ്**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വടകര
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ